ശ്രീ. എസ്. ശർമ്മ : സിൽക്കും എച്ച്.ഐ.സി.യുമായിട്ട് ഒരു എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ നടന്നു വരുന്ന പദ്ധതികളുടെ പണി നടത്തുന്നത് സിൽക്കാണ്. 14 പ്രോജക്ടുകൾ ഏത് ഏജൻസി നടത്തണം എന്നുള്ള കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിഗണിക്കുന്നതാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലവിതാനം

2 (*180) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലവിതാനം 142 അടിയായി ഉയർത്താമെന്ന വിദഗ്ദ്ധ സമിതിയുടെ തീരുമാനം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണവും സംരക്ഷണവും തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന സാഹചര്യങ്ങളിൽ ജലവിതാനം ഉയർത്താൻ തമിഴ്നാട് സർക്കാർ നടപടി സ്വീകരിച്ചാൽ അതിനെ ഏത് തരത്തിൽ നേരിടുവാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണം സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡാമുകളെ സംബന്ധിച്ചുള്ള രൂപകൽപ്പന സുരക്ഷാചട്ടങ്ങൾ അനുസരിച്ച് മുല്ലപ്പെരിയാർ ഡാമിന്റെ ജലവിതാനം ഉയർത്തുന്നത് സുരക്ഷിതമാണോ ;

(ഇ) ഇത് സംബന്ധമായി എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാർ പ്രത്യേകമായി നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(എഫ്) അണക്കെട്ടിന്റെ പരമാവധി സമ്മർദ്ദബലം അളക്കാൻ അൾട്രാസോണിക് ശബ്ദതരംഗങ്ങൾ ഉപയോഗിച്ച് നടത്തിയ പൾസ് വെലോസിറ്റി ടെസ്റ്റ് വിജയകരമായിരുന്നുവോ ;

(ജി) കേന്ദ്ര വിദഗ്ദ്ധസംഘം ഡാമിലെ ജലവിതാനം ഉയർത്താൻ തക്കവണ്ണം ഡാം സുരക്ഷിതമാണെന്ന് പറയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) ഇല്ല. കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ഈ ശുപാർശ സുപ്രീംകോടതിയിൽ സമർപ്പിക്കപ്പെടുമ്പോൾ അതിനെ എതിർത്തുകൊണ്ടുള്ള സത്യവാങ്മൂലം സമർപ്പിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്. ഏകപക്ഷീയമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനത്തിന്മേൽ ജലവിതാനം ഉയർത്താൻ ശ്രമം നടത്തുന്നപക്ഷം ഭരണപരമായും നിയമപരമായും അതിനെ എങ്ങനെ നേരിടാമെന്ന് പരിശോധിക്കാവുന്നതാണ്.

(സി) 1886-ലെ പെരിയാർ പാട്ടക്കരാർ ഇപ്പോഴത്തെ നിലയിൽ തുടരുന്നിടത്തോളം മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാരിന് നിയമപരമായി ബുദ്ധിമുട്ടുണ്ട്. ഈ കരാർ മാറ്റിയെഴുതുവാൻ നിയമപരമായി സാധ്യതകൾ പരിശോധിച്ചു വരികയാണ്.

(ഡി&ഇ) പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണവും നിയന്ത്രണവും മെയിന്റനൻസും തമിഴ്നാട് സർക്കാരിനാണ്. ആയതിനാൽ ഈ ഡാം കേരളത്തിന്റെ ഡാം സേഫ്റ്റി സെല്ലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും അതിനാൽ പ്രത്യേകമായി മേൽചട്ടപ്രകാരം സുരക്ഷിതത്വപഠനം നടത്തിയിട്ടില്ലാത്തതുമാണ്. എന്നാൽ 1996-ലും 1998-ലും ഈ ഡാമിന്റെ ജലം സംബന്ധിച്ച് പഠനം നടത്താൻ ഓരോ ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ അടുത്തകാലത്തുണ്ടായ ഭൂചലനത്തിന്റെ ആഘാതം പഠിക്കുന്നതിനായി പുതിയ ഒരു സാങ്കേതിക കമ്മിറ്റിയെക്കൂടി നിയമിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത ടെസ്റ്റ് വിജയകരമല്ലായിരുന്നു എന്നാണ് കേന്ദ്ര വിദഗ്ദ്ധ സമിതിയിലെ കേരളത്തിന്റെ പ്രതിനിധി അഭിപ്രായപ്പെട്ടിട്ടുള്ളത്.

(ജി) കേന്ദ്ര വിദഗ്ദ്ധസംഘം പ്രത്യേക ശാസ്ത്രീയ പഠനങ്ങളൊന്നും മുല്ലപ്പെരിയാറിന്റെ പ്രധാന ഡാമിൽ നടത്താതെയാണ് 142 അടിവരെ ഉയർത്താമെന്ന നിഗമനത്തിൽ എത്തിയിട്ടുള്ളത്. കേരളത്തിന്റെ പ്രതിനിധി കേന്ദ്രസാങ്കേതിക കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ച സാങ്കേതിക വസ്തുതകൾ കമ്മിറ്റി മുഖവിലയ്ക്കെടുക്കുകയുണ്ടായില്ല. ഇക്കാര്യങ്ങളെല്ലാം ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

ശ്രീ. ടി. എം. ജേക്കബ് : ചോദ്യം എ, ബി, 'ഇല്ല' എന്നാണ് മന്ത്രി മറുപടി പറഞ്ഞത്. 'എ' യ്ക്ക് ഉത്തരം പറഞ്ഞിട്ട് 'ബി' യ്ക്ക് പ്രത്യേകം പറയണമായിരുന്നു.

ശ്രീ. വി. പി. രാമകൃഷ്ണ പിള്ള : 142 അടിയായി ഉയർത്താമെന്ന വിദഗ്ദ്ധ സമിതിയുടെ തീരുമാനം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് 'ഇല്ല' എന്ന മറുപടിയാണ് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : 'എ' യും 'ബി' യും ക്ലബ് ചെയ്താണ് അങ്ങ് മറുപടി പറഞ്ഞിരിക്കുന്നത്. 'എ'യുടെ ആൻസറാണ് 'ഇല്ല' എന്നുള്ളത്. 'ബി' സെപ്പറേറ്റാണ്. അത് അങ്ങനെ കറക്ട് ചെയ്യണം.

ശ്രീ. വി. പി. രാമകൃഷ്ണ പിള്ള : അത് കറക്ട് ചെയ്തു കൊള്ളാം.

മി. സ്പീക്കർ : അത് വെവ്വേറെ പറയണം. 'എ' ഇല്ല എന്ന് പറയുക. 'ബി' യുടെ കാര്യത്തിൽ ആൻസർ ഉണ്ട്. അത് ആ രൂപത്തിൽ അദ്ദേഹം സമ്മതിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഈ പ്രശ്നം ദീർഘകാലമായി നിലനില്ക്കുന്നതുകൊണ്ട് തമിഴ്നാട് ഗവൺമെന്റും കേരള ഗവൺമെന്റും കൂടി ഈ പ്രശ്നം എങ്ങനെയെങ്കിലും കൂടിയാലോചിച്ച് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : തമിഴ്നാട് ഗവൺമെന്റും ഈ ഗവൺമെന്റും തമ്മിൽ പല കൂടിയാലോചനകളും നടത്തിയിട്ടുണ്ട് ; മുഖ്യമന്ത്രിമാർ തമ്മിൽ പല സന്ദർഭത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിനുശേഷം ശ്രീ. സുബ്രഹ്മണ്യം സ്വാമി ഇവിടെ ഹൈക്കോടതിയിൽ കൊടുത്ത ഒരു കേസ് സുപ്രീം കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ സുപ്രീം കോടതി കേന്ദ്രഗവൺമെന്റിനോട് നിർദ്ദേശിച്ചതനുസരിച്ചാണ് മുഖ്യമന്ത്രിമാർ തമ്മിൽ ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഡൽഹിയിൽ ജലസേചന വകുപ്പുമന്ത്രിയുടെ ചുമതലയിൽ കൂടിയ സമ്മേളനം ഇങ്ങനെ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കാൻ തീരുമാനിച്ചത്. പക്ഷേ, വിദഗ്ദ്ധ സമിതിയെ നിയമിച്ചപ്പോൾ കേരളത്തിന്റെ ചില കണ്ടീഷൻസ് ഉണ്ടായിരുന്നു. ആ കണ്ടീഷൻസ് കേന്ദ്രഗവൺമെന്റോ ജലഅതോറിറ്റിയോ സ്വീകരിച്ചിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇന്നത്തെ സ്ഥിതിയിൽ കേന്ദ്രവിദഗ്ദ്ധ സമിതി ജലവിതാനം ഉയർത്താൻ തീരുമാനിച്ചു. കഴിഞ്ഞതിനുശേഷം അത് നേരിടുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ പോകുമെന്നു പറഞ്ഞു. സുപ്രീം കോടതിയിൽ ഇതുവരെ പോയിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : 142 അടിയായി ഉയർത്താമെന്ന തീരുമാനം ഇതുവരെ സുപ്രീം കോടതിയിൽ കൊടുത്തിട്ടില്ല. സുപ്രീം കോടതിയിൽ കൊടുക്കുന്നതിനു മുമ്പുതന്നെ ഇക്കാര്യത്തിലുള്ള കേരള ഗവൺമെന്റിന്റെ സത്യവാങ്മൂലം സുപ്രീം കോടതിയിൽ കൊടുത്തിട്ടുണ്ട്. മാത്രമല്ല, സുപ്രീം കോടതിയിലെ വളരെ പ്രധാനപ്പെട്ട വക്കീലന്മാരെ ഉൾപ്പെടുത്തി ഒരു ലീഗൽ സെൽ സംഘടിപ്പിച്ചിട്ടുമുണ്ട്. അതുപോലെ പരിസ്ഥിതി പ്രശ്നത്തെ സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരു കേസും ഫയൽ ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അങ്ങ് മറുപടി പറഞ്ഞപ്പോൾ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിൽ ഇതിനെ സംബന്ധിച്ചുള്ള പെറ്റീഷൻ കൊടുക്കുമെന്നു പറഞ്ഞു. ഈ ശുപാർശ കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വത്തിന്, അതാണല്ലോ പ്രധാന പ്രശ്നം. അതെന്താണെന്നു വച്ചാൽ ഡാം പൊട്ടുകയാണെങ്കിൽ വലിയ ആഘാതമാണ് കേരളത്തിലുണ്ടാകാൻ പോകുന്നത്. ധാരാളം പേർ മരിക്കും, അങ്ങനെ ധാരാളം നഷ്ടമുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച്, അങ്ങ് പറഞ്ഞു ഇതിനെക്കുറിച്ച് പഠിച്ചിട്ടില്ല എന്ന്, അത് പഠിച്ചിട്ട് നേരത്തേ സുപ്രീം കോടതിയിൽ ഒരു പെറ്റീഷൻ കൊടുക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ റിപ്പോർട്ട് വന്നതിനുശേഷം സത്യവാങ്മൂലം സുപ്രീം കോടതിയിൽ കൊടുത്തിട്ടുണ്ട്. അതുമാത്രമല്ല, ലീസ് ഡീഡ് പരിശോധിക്കുന്നതിന് വക്കീലന്മാരുടെ ലീഗൽ സെല്ലിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. അവർ അതിന്റെ പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഇവിടെ ഇക്കാര്യത്തിൽ ജനങ്ങൾ ഗവൺമെന്റുകളോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട് ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന്. അക്കാര്യത്തിൽ നേരത്തേ ഇരുന്ന ഗവൺമെന്റും യു. ഡി. എഫ്. ഗവൺമെന്റായാലും ഏത് ഗവൺമെന്റായാലും വളരെ സമചിത്തതയോടുകൂടി, വിവേകത്തോടുകൂടിയുള്ള തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ലീസ് ഡീഡ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിന് കേരളത്തിൽ ഒരു ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കാൻ ഇതിന് നിയോഗിച്ച സബ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. വളരെ താമസിയാതെ, ഏകദേശം ഒരാഴ്ചയ്ക്കകം തന്നെ ഈ ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കും. അത് സ്റ്റാറ്റ്യൂട്ടറിയായി നിലനിർത്തത്തക്ക രീതിയിൽ ഒരു തീരുമാനം ഉണ്ടാകും. അതാണ് ജനങ്ങളോട് പറയാനുള്ള മറുപടി. ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് മാത്രമല്ല, കേരളത്തിലെ എല്ലാ ഡാമുകളെ സംബന്ധിച്ചും അതിന്റെ സേഫ്റ്റിയെ സംബന്ധിച്ചും പരിശോധന നടത്താനാണ് ഇങ്ങനെയൊരു തീരുമാനം എടുത്തിട്ടുള്ളത്.

ശ്രീ. ജോണി നെല്ലൂർ : ബഹുമാന്യനായ മന്ത്രി കേരളത്തിലെ ജനങ്ങളെയാകെ ഉൽക്കണ്ഠയിലാക്കിയിരിക്കുന്ന ഈ വിഷയത്തിൽ ചില മറുപടികൾ പറഞ്ഞു. ഇവിടെ രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു തർക്കം നിലനിൽക്കുമ്പോൾ സമാന സ്വഭാവമുള്ള കാവേരി നദീജല തർക്കത്തിൽ കർണ്ണാടകയിലെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ ആ ഗവൺമെന്റ് ഒരു ഓർഡിനൻസിറക്കുകയുണ്ടായി. കേരളത്തിലെ ജനങ്ങളെ മുഴുവൻ ഉൽക്കണ്ഠയിലാക്കിയിരിക്കുന്ന ഈ മുല്ലപ്പെരിയാർ വിഷയത്തിൽ ജനങ്ങളുടേയും സർക്കാരിന്റേയും കേരളത്തിന്റേയും താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി കർണ്ണാടക ഗവൺമെന്റ് ഇറക്കിയ വിധത്തിൽ ഒരു ഓർഡിനൻസ് ഇറക്കാൻ സംസ്ഥാനഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതിനെപ്പറ്റി തീരുമാനിക്കേണ്ടത് ലീഗൽ സെല്ലാണ്. സുപ്രീം കോടതിയിൽ ഈ കേസിൽ പങ്കെടുക്കുന്നതിന് ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : അതൊക്കെ നയപരമായി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതൊക്കെ നയപരമായി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, അത് നിയമപരമായതുകൊണ്ടാണ്. നിയമപരമായി കാര്യങ്ങൾ ആലോചിച്ച് ചെയ്യാൻ ബാദ്ധ്യതയുള്ള ഗവൺമെന്റിനോടാണ് ഞാൻ ചോദിച്ചത്. ഇവിടെ ഭൂചലനം ഉണ്ടായതിനുശേഷം ഈ ഡാമിന്റെ ബലത്തെ സംബന്ധിച്ച് പഠിക്കാൻ വേണ്ടി ഒരു സാങ്കേതിക കമ്മിറ്റിയെ തീരുമാനിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആ

കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് ? ആ കമ്മിറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ? ഏതായാലും ഇന്ന് സംസ്ഥാനത്ത് വ്യാപകമായി ജനങ്ങൾ വളരെ ഉത്കണ്ഠയിലാണ്. നമ്മുടെ നിയമസഭാ കമ്മിറ്റികൾ പോയി ഈ ഡാം സൈറ്റ് പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായിട്ടുള്ള 3-ാം നമ്പർ സബ്ജക്ട് കമ്മിറ്റി 2001 ജനുവരി മാസം 1-ാം തീയതി പരിശോധന നടത്തി. മറ്റ് പല നിയമസഭാ കമ്മിറ്റികളും പരിശോധന നടത്തി. ഇതൊക്കെയാണെങ്കിലും ജനങ്ങളുടെ ഉത്കണ്ഠ ഇനിയും നിലനിൽക്കുകയാണ്. അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും മാറിമാറി സമരങ്ങളും നടത്തി. ഈ സാഹചര്യത്തിൽ വളരെ അടിയന്തിരമായി ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻവേണ്ടി ഏതെങ്കിലും മദ്ധ്യസ്ഥന്മാരെ ഇടപെടുത്തുന്നതിനുള്ള ആലോചന നടത്തുമോ ?

<u>ശ്രീ. വി. പി. രാമകൃഷ്ണപിള്ള</u> : സെസ്സിന്റെ ഡയറക്ടറെയാണ് ഡാമിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്താൻ നിയോഗിച്ചിട്ടുള്ളത്. ഇവിടത്തെ സാങ്കേതിക വിദഗ്ദ്ധന്മാർ, ചീഫ് എൻജിനീയേഴ്സ്, ഡിസൈൻ എൻജിനിയേഴ്സ് തുടങ്ങിയവരെയാണ് ആ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ജനങ്ങളുടെ ഉത്കണ്ഠ മനസ്സിലാക്കി വളരെ ഗൗരവതരമായിട്ടുള്ള തീരുമാനം എടുത്തിട്ടുണ്ട് എന്നുള്ളതിന് യാതൊരു സംശയവുമില്ല. എല്ലാ കാര്യവും പരിശോധിച്ച് അതിനെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കത്തക്ക നിലയിലാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഭൂചലനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകൾ മുല്ലപ്പെരിയാറിൽ ഉണ്ടായിട്ടുണ്ടോ എന്ന പരിശോധനയും നടന്നുവരുന്നു.

<u>ശ്രീ. ടി. എം. ജേക്കബ്</u> : ഈ വിഷയം 9-ാം കേരള നിയമസഭയിൽ വളരെ സജീവമായി പരിഗണനയ്ക്ക് വന്ന സന്ദർഭത്തിലാണ് നിയമസഭാ അഡ്ഹോക്ക് കമ്മിറ്റിയെ നിയോഗിച്ചത്. ആ അഡ്ഹോക്ക് കമ്മിറ്റി ഈ വിഷയത്തെക്കുറിച്ച് പഠിച്ച് വളരെ എക്സ്ക്ലൂസീവായിട്ടുള്ള റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിരുന്നു. 106 വർഷം പിന്നിട്ടിരിക്കുന്ന ഒരു ഡാമാണ് ഇത്. ഇതിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ചിടത്തോളം ആശങ്ക ജനങ്ങൾക്ക് ഉണ്ടാകുന്നത് സ്വാഭാവികമാണ്. പഴയ ടെക്നോളജിയിൽ പണിതിരിക്കുന്ന ഒരു ഡാം, ഇന്നത്തെ ഈ ഭൂചലനത്തേയോ അല്ലെങ്കിൽ മറ്റ് കാര്യങ്ങളേയോ അതിജീവിക്കാൻ കഴിയുകയില്ല എന്ന ഒരവസ്ഥാവിശേഷം നിലനിൽക്കുന്നു. ഇന്ന് പൂർണ്ണമായും അവരുടെ നിയന്ത്രണത്തിലാണ് ഈ ഡാം. നമ്മുടെ ഒരു എൻജിനീയർക്കോ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ ആ ഡാമിലോ പരിസരത്തോ പ്രവേശിക്കാൻ ഇപ്പോഴും സാദ്ധ്യമല്ല. കംപ്ലീറ്റായി അവരുടെ കസ്റ്റഡിയിലാണ്. അങ്ങനെയുള്ള ഒരു ഡാമിന്റെ ചുമതലകൾ നമുക്ക് ഏറ്റെടുക്കാൻ കഴിയുമോ എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നമ്മുടെ അനുവാദം കൂടാതെ 142 അടിയിലേക്ക് വിദഗ്ദ്ധ സമിതിയുടെ അഭിപ്രായപ്രകാരം ഉയർത്തിയാൽ ഭരണപരമായും നിയമപരമായും അതിനെ എങ്ങിനെ നേരിടാമെന്ന് പരിശോധിക്കാവുന്നതാണെന്നാണ്. അതിൽ നിയമപരമായി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു : സുപ്രീം കോടതിയിലെ കേസ്. ഇനി, ഭരണപരമായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഭരണപരമായി സ്വീകരിക്കുന്ന നടപടിയുടെ ഭാഗമായാണ് ഈ ഡാമുകളുടെ സേഫ്റ്റിയെക്കുറിച്ച് പരിശോധിക്കാൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇത്ര ഗൗരവമായി ഇതിന് മുമ്പ് ഒരു ഗവൺമെന്റും ഇക്കാര്യത്തിൽ ഇതുപോലൊരു തീരുമാനം എടുത്തിട്ടില്ല. ഈ സ്റ്റേജ് ഉൾപ്പെടെ അതിന്റെ സാങ്റ്റിറ്റിയെക്കുറിച്ച് പരിശോധന നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഡാം സേഫ്റ്റി കമ്മീഷനെ അല്ലെങ്കിൽ അതോറിറ്റിയെ-ലീഗലായിട്ട് കൊണ്ടുവരികയാണെന്ന്. അതൊരു നല്ല കാര്യമാണ്. ഈ ഡാം സേഫ്റ്റി അതോറിറ്റി കൊണ്ടു വരും എന്ന് നിങ്ങൾ പറയുമ്പോൾ ഈ അതോറിറ്റിക്ക് ഈ പറയുന്ന ഡാമിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി അനുസരിച്ച് 86-ലെ പെരിയാർ ലീസ് ഡീഡ് അനുസരിച്ച് നമുക്ക് ഇതിനകത്ത് യാതൊരു നിയന്ത്രണവും ഇല്ല. അത് അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ഇവിടെ അഡ്മിറ്റ് ചെയ്തിട്ട് ഒരു അതോറിറ്റി സ്റ്റാറ്റ്യൂട്ടറിയായി ഞങ്ങൾ കൊണ്ടുവരും എന്നു പറഞ്ഞാൽ ഈ അതോറിറ്റിക്ക് ഏതു നിലയിൽ ഈ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള കാര്യങ്ങൾ പരിശോധിക്കാൻ കഴിയും ? ആ നടപടികളുമായി ബന്ധപ്പെട്ട് സുരക്ഷിതത്വത്തിന്റെ കാര്യം മറ്റൊരു ലവലിൽ തമിഴ്നാടുമായി ടേക്കപ്പ് ചെയ്തതാണ്. അങ്ങനെയാണ് ആ ഡാം ബലപ്പെടുത്തി എന്ന് പറയുന്നത്. അങ്ങനെ ബലപ്പെടുത്തി എന്നു പറയുന്നത് നമ്മുടെ ഇപ്പോഴത്തെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതല്ല. വളരെ ഉത്കണ്ഠാജനകമായ ഒരു സ്ഥിതിവിശേഷം ഇന്ന് അവിടെ ഉണ്ട്. ഈ ഡാം സുരക്ഷിതമല്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നിയമസഭാ കമ്മിറ്റി പോയി വടി കൊണ്ട് അടിച്ചുനോക്കി, അല്ലെങ്കിൽ കമ്പികൊണ്ട് കുത്തിനോക്കി എന്ന് പറഞ്ഞിട്ടൊന്നും കാര്യമില്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർ വലിയ ആശങ്കയിലാണ്. ഭൂചലനത്തിന്റെ തോതും കാര്യങ്ങളുമൊന്നും എനിക്ക് അറിഞ്ഞുകൂടാ. ഇപ്പോഴത്തെ സ്ഥിതിവച്ച് നോക്കുമ്പോൾ ഭയാനകമായ ഒരു സ്ഥിതിവിശേഷം അവിടെ നിലനിൽക്കുന്ന ഒരു സാഹചര്യത്തിൽ കുറച്ച് കൂടി രാഷ്ട്രീയമായി ഇക്കാര്യങ്ങളെക്കുറിച്ച് ചിന്തിക്കത്തക്ക നിലയിൽ അതിന്റെ നാനാവശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികളേയും വിളിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമ്പോൾ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചശേഷമാണ് ക്യാബിനറ്റ് സബ്കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചത്. നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിന് സുപ്രീംകോടതിയിൽ ഇപ്പോൾതന്നെ 4 അഫിഡവിറ്റ് ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. മുല്ലപ്പെരിയാർ നദി കേരളത്തിന്റെ വകയാണ്. പെരിയാറിൽനിന്ന് ഉത്ഭവിച്ച് നമ്മുടെ സംസ്ഥാനത്തുകൂടി ഒഴുകുന്ന നമ്മുടേതായ നദിയാണ്. പക്ഷേ, ആ നദിയിൽ ഇപ്പോൾ അവകാശമുള്ളത് 8,000 ഏക്കർ സ്ഥലവും പിന്നെ 100 ഏക്കർ സ്ഥലവുംകൂടി ലീസ് ഡീസ് അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് കൊടുത്തതിന്റെ ഫലമായി അവരുടെ കസ്റ്റഡിയിലായതിനാൽ മെന്റിനൻസ് പണികളും നിയമപരമായി അവർക്കാണ്. നിയമപരമായി അവരുടെ കസ്റ്റഡിയിലിരിക്കുന്ന ആ ലീസ് ഡീഡിനെ സംബന്ധിച്ച് പുനഃപരിശോധന നടത്താനാണ് കേരളത്തിലേയും സുപ്രീംകോടതിയിലേയും ഒരു വിദഗ്ദ്ധ സമിതിയെക്കൂടി നിയോഗിച്ച് പരിശോധന നടത്തുന്നത്. ഇപ്പോൾ നിയോഗിച്ച വിദഗ്ദ്ധ സമിതി അതിനെ സംബന്ധിച്ച് പ്രിലിമിനറി അന്വേഷണങ്ങൾ നടത്തിയിട്ട് നമുക്ക് അനുകൂലമായ ചില കാര്യങ്ങൾ അവർ നമ്മളോട് ഉപദേശിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചോദ്യം ചോദിക്കുന്നുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കും ചോദ്യം ചോദിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, : ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയോട്, ഇത് സംബന്ധിച്ച് ഒരു യോഗം വിളിക്കുന്നുണ്ടോ എന്ന് ഇവിടെ ചോദിച്ചല്ലോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ആലോചിക്കാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ കഴിഞ്ഞ ദിവസം ഡാമിനെക്കുറിച്ച് കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ചില ആവശ്യങ്ങളെക്കുറിച്ചും പറഞ്ഞല്ലോ. അതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല.

മി. സ്പീക്കർ : ചോദ്യം ചോദിക്കാൻ അനുവദിച്ചിരിക്കുകയാണ്. പക്ഷേ, അദ്ദേഹം ചോദിക്കുന്നില്ല.

ശ്രീ. പി. രാജു : മുല്ലപ്പെരിയാർ പോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് പറമ്പിക്കുളം-അലിയാർ പദ്ധതി. മുല്ലപ്പെരിയാർ ഡാമിന്റെ പൊക്കം ആറ് അടി കൂട്ടാനുള്ള നീക്കം സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് അതിന് അല്പം അനുകൂലമായ നിലപാട് സ്വീകരിക്കുന്നുണ്ട് എന്നാണ് മനസ്സിലാകുന്നത്. അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് പറമ്പിക്കുളം-അലിയാർ പദ്ധതി. നമ്മുടെ സംസ്ഥാനത്ത് നമുക്ക് അവകാശപ്പെട്ട വെള്ളം ശേഖരിച്ചുകൊണ്ടുപോകുന്ന നടപടിയിൽ കാലാവധി പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിന്റെ ഇന്നത്തെ അവസ്ഥ പരിഗണിച്ചുകൊണ്ട് ഈ സാഹചര്യങ്ങൾ നിലനിർത്തിക്കൊണ്ട് ഒരു ശക്തമായ തീരുമാനമെടുത്ത് അതിനകത്തുള്ള പോരായ്മകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : എല്ലാ ഡാമുകളെപ്പറ്റിയും വിദഗ്ദ്ധമായ പരിശോധന നടത്തി അതിനാവശ്യമായ നടപടി സ്വീകരിക്കാനാണ് ഒരു അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. മുല്ലപ്പെരിയാർ പോലെതന്നെ ഇടമലയാർ ഡാമിന്റെയും പരിശോധനയും മറ്റ് നടപടികളും വളരെ വേഗം സ്വീകരിക്കേണ്ടതാണെന്നാണ് ഇതേവരെ മനസ്സിലായിട്ടുള്ളത്.

ശ്രീ. ഇ. എം. അഗസ്തി : ഭൂകമ്പ ഭീഷണിയെത്തുടർന്ന് മന്ത്രിസഭ നിയോഗിച്ചതനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ശർമ്മ ഡിസംബർ മാസം 25-ാം തീയതി മുല്ലപ്പെരിയാർ സന്ദർശിക്കുകയും മുല്ലപ്പെരിയാർ ഭീഷണിയിലാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയുമുണ്ടായി. ഈ വർഷം ജനുവരി 1-ാം തീയതി അങ്ങ് ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റി അംഗങ്ങളും മുല്ലപ്പെരിയാർ സന്ദർശിക്കുകയുണ്ടായി. ബന്ധപ്പെട്ട രണ്ട് മന്ത്രിമാരുടെയും വിദഗ്ദ്ധ സമിതികളുടെയും അന്വേഷണത്തിന്റെയും നിഗമനത്തിന്റെയും അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ അപകട ഭീഷണിയിലാണോ അല്ലയോ ? ഗവൺമെന്റിന്റെ നിഗമനം എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കേന്ദ്ര ഗവൺമെന്റിന്റെ വിദഗ്ദ്ധ സംഘത്തിലെ കേരള പ്രതിനിധി ശ്രീ. പരമേശ്വരൻ നായർ ചില ഡിസ്സന്റിംഗ് നോട്ട് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. ഈ ഡാമുകളെ സംബന്ധിച്ചിടത്തോളം ഇൻസ്ട്രമെന്റേഷൻ ആവശ്യമില്ലെന്നാണ് കമ്മിറ്റിയുടെ അഭിപ്രായം. ഭൂചലനത്തെ സംബന്ധിച്ച് നമ്മുടെ വിദഗ്ദ്ധരുടെ അഭിപ്രായം ഭൂചലനങ്ങളുടെ എപ്പിക് സെന്റർ ഡാമിൽ നിന്ന് ഏകദേശം 50 കിലോമീറ്റർ അകലെ ഈരാറ്റുപേട്ടയിലും ഹൈപ്പോ സെന്റർ 10 കിലോമീറ്റർ താഴ്ചയിലും ജലനിരപ്പ് 144 അടിയും ആയതിനാൽ ഡാമിന് കാര്യമായ കേടുപാട് ഉണ്ടായില്ല എന്നാണ്. എപ്പിക് സെന്റർ ഡാമിനോട് അടുത്തും ഹൈപ്പോ സെന്റർ കുറേക്കൂടി മുകളിലുമായിരുന്നുവെങ്കിൽ ഭൂചലനം ഡാമിനെ കാര്യമായി ബാധിക്കുമായിരുന്നു. അത് ഡാമിന്റെ താഴെയുള്ള മൂന്നു ജില്ലകളിലെ മനുഷ്യരുടെ ജീവനും സ്വത്തിനും വൻ ഭീഷണി ആകുമായിരുന്നു. അങ്ങനെയാണ് ഞങ്ങൾക്ക് കിട്ടിയ വിദഗ്ദ്ധ അഭിപ്രായം.

ശ്രീ. കെ. എ. ചന്ദ്രൻ : (സി) ഉപചോദ്യത്തിന് നിലവിലുള്ള പാട്ടക്കരാറനുസരിച്ച് ഡാമിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ നിവൃത്തിയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നിലവിലുള്ള കരാർ ലംഘനം തമിഴ്നാട് നിരന്തരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിലെ ജലം തമിഴ്നാട്ടിലെ മറ്റ് ഡാമുകളിൽ ശേഖരിച്ച് ഗാർഹിക-വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. പഴയ മധുര ജില്ലയ്ക്ക് പുറത്ത് ജലസേചനത്തിന് വെള്ളം ഉപയോഗിക്കുന്നു. ഇതൊക്കെ നിലവിലുള്ള കരാറിന്റെ ലംഘനമാണ്. ഈ കരാർ ലംഘനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി എടുക്കാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കരാർ ലംഘിക്കുന്നു എന്നു മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് നിലവിലിരിക്കുന്ന കരാർ എങ്ങനെ ദുർബലപ്പെടുത്താം എന്നുള്ളതിനെസംബന്ധിച്ച് ഇപ്പോൾ ആലോചിക്കുന്നത്. മഹാരാജാവിന്റെ കാലത്ത് ഇവിടുത്തെ നാട്ടുരാജാവും ബ്രിട്ടീഷ് ഗവൺമെന്റും

തമ്മിൽ ഉണ്ടാക്കിയ കരാറാണ്. ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയ ശേഷം അത് എങ്ങനെ ദുർബലപ്പെടുത്താണമെന്നാണ് വിദഗ്ദ്ധന്മാരുടേയും നിയമ വിദഗ്ദ്ധന്മാരുടേയും അഭിപ്രായം വെള്ളം ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും അതിൽ നിന്ന് ഇലക്ട്രിസിറ്റി ഉണ്ടാക്കുന്നതിനെക്കുറിച്ചും 1970-ലെ മറ്റൊരു കരാർ ഉള്ളതുകൊണ്ട് ഇതിന്റെ നിയമവശങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധമായി പഠിച്ചുവേണം നിയമനടപടികൾ സ്വീകരിക്കാൻ, എന്നുള്ളതുകൊണ്ടാണ് നിയമജ്ഞന്മാരെ നിയമിച്ച് കേരളാ ഗവൺമെന്റ് ചർച്ച ആരംഭിച്ചിരിക്കുന്നത്.

മി. സ്പീക്കർ : ഡെപ്യൂട്ടി സ്പീക്കറുടെ ചോദ്യം കാലാവധി കഴിഞ്ഞ ഡാമിന് സുരക്ഷിതത്വം ഉണ്ടോ എന്നുള്ളതാണ്. അതുകൊണ്ട് പുതിയ ഡാം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ആ ചോദ്യം വളരെ ഗൗരവമുള്ളതാണ്. 100 കൊല്ലം പഴക്കമുള്ള ഈ ഡാമിന്റെ സേഫ്റ്റിയെ സംബന്ധിച്ച് ഡാം സേഫ്റ്റി അതോറിറ്റി വന്നശേഷം പഠനം നടത്തി അതിനാവശ്യമായ നടപടി സ്വീകരിക്കുകയുണ്ടായി.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ചാണ് ചോദ്യം. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാമിന് സേഫ്റ്റി കുറവായിരുന്നു. സപ്പോർട്ട് ഡാം പണിയുന്നതിനെ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിലുണ്ട്. അത് എന്തായി ?

മി. സ്പീക്കർ : ചോദ്യം മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ ശുപാർശ പ്രകാരം ജലനിരപ്പ് 136 അടിയാക്കി. അതുപോലെ തന്നെ ഒരു പുതിയ ഡാം കെട്ടണമെന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ, ഇല്ലെങ്കിൽ നടപടി എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇതുവരെ ഗവൺമെന്റ് ആ കാര്യത്തെ സംബന്ധിച്ച് ആലോചിച്ചില്ല. ഇപ്പോൾ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് സംശയങ്ങൾ ഉള്ളതുകൊണ്ട് 136 അടി പോലും അതേപോലെ നിലനിർത്താൻ കഴിയുമോ എന്ന ആശങ്ക ഉള്ളതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ആലോചിക്കേണ്ടിവരും.

വൈദ്യുതി ഉല്പാദനം

3 (*181) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly